പതിനാലാം കേരള നിയമസഭ

**നാലാം സമ്മേളനം**

*നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3482* *14.03.2017 ലെ മറുപടിക്ക്*

**നേഴ്സുമാർക്ക് പുനരധിവാസ പാക്കേജ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ | ശ്രീ. പിണറായി വിജയൻ<br>**(മുഖ്യമന്ത്രി)** |
| (എ) വിദേശ രാജ്യങ്ങളിൽ നിന്ന് തൊഴിൽ നഷ്ടപ്പെട്ട് കേരളത്തിൽ തിരിച്ചെത്തിയ നേഴ്സുമാർക്ക് പുനരധിവാസ പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) നഴ്സുമാർക്ക് മാത്രമായി ഒരു പുനരധിവാസ പദ്ധതി നടപ്പാക്കി യിട്ടില്ല. |
| (ബി) ഇത്തരത്തിൽ തിരികെ വന്നവർക്ക് എന്തൊക്കെ ആശ്വാസ നടപടികളാണ് ഗവൺമെന്റ് ഭാഗത്തുനിന്നും കൈക്കൊണ്ടത്;<br><br>(സി) അവർക്ക് ജോലി നൽകുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ? | (ബി) യും (സി) യും<br>കുവൈറ്റിൽനിന്നും ജോലി നഷ്ടപ്പെട്ട് നാട്ടിലെത്തിയ നേഴ്സുമാരുടെ രക്ഷകർത്താക്കൾ സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരി ക്കുന്നതിന്റെ ഭാഗമായി സർക്കാർ ഈ വിഷയം കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെയും കുവൈറ്റ് എംബസിയുടെയും ശ്രദ്ധയിൽകൊണ്ടു വന്നിട്ടുണ്ട്. കുവൈറ്റ് എംബസി മുഖേന കുവൈറ്റ് ആരോഗ്യ മന്ത്രാലയവുമായി ചർച്ച ചെയ്ത് പ്രസ്തുത നേഴ്സുമാർക്ക് മറ്റേതെങ്കിലും കമ്പനി മുഖേന കുവൈറ്റ് ആരോഗ്യ മന്ത്രാലയത്തിന് കീഴിൽ നേഴ്സുമാരായി ജോലി ലഭ്യമാക്കാനാ കുമോ എന്നാണ് ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.<br><br>കൂടാതെ നോർക്ക റൂട്ട്സിന്റെ വിദേശരാജ്യങ്ങളിലേയ്ക്ക് റിക്രൂട്ട്മെന്റ് നടത്തുന്നതിനായി ഏർപ്പെടുത്തി യിട്ടുള്ള സംവിധാനമായ ജോബ് പോർട്ടലിൽ തിരികെ വന്ന പ്രവാസി കൾക്കും അപേക്ഷ സമർപ്പിച്ച് റിക്രൂട്ട്മെന്റിന് വിധേയമായി വിദേശത്ത് പുനർനിയമനം നേടാൻ |

കഴിയും. നോർക്ക റൂട്ട്സ് മുഖേന ഇ. സി. ആർ (Emigration Check Required) രാജ്യങ്ങളിലേയ്ക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നുണ്ട്. ജോലി നഷ്ടപ്പെട്ട് തിരികെ എത്തിയ നഴ്സുമാരും ഇപ്രകാരം റിക്രൂട്ട്മെന്റ് ലഭിച്ചവരിൽ ഉൾപ്പെടുന്നു.

സെക്ഷൻ ഓഫീസർ.